بسم الله الرحمن الرحيم

# കൂടിയാലോചന

قال العلامة السعدي رحمه الله:

ومنها: أن المشاورة تنفي عن العبد العجب والغرور بالنفس، فإن المعظم لنفسه المعجب برأيه لا يكاد يشاور أحدا ولا يلين لمن ينصحه.

وهذا الخلق رذيل جدا وضرره كبير.

فالمعجب برأيه لا بد أن يضل ويظنه على هدى لأن خيالات الغرور لا تدع الإنسان ينظر إلى عيوبه فيصلحها، ولا إلى نقصه فيكمله، فعنوان العقل والتواضع كثرة المشاورة وقبول قول الناصحين وعنوان الجهل والغرور الاستبداد ورفض نصح الناصحين.

[الرياض الناضرة والحدائق النيرة الزاهرة في العقائد والفنون المتنوعة الفاخرة]

അബ്ദുറഹ്മാൻ ബിൻ നാസ്വിർ അസ്സഅ്ദി رحمه الله പറയുന്നു:

(കൂടിയാലോചന ഒരു അടിയനിൽ നിന്ന് അഹങ്കാരത്തെയും ആത്മവഞ്ചനയെയും നിഷ്കാസനം ചെയ്യുന്നു. സ്വയം പൊങ്ങിയും സ്വാഭിപ്രായത്തിൽ പുളകംകൊള്ളുന്നവനുമായ അഹങ്കാരി ഒരാളോടും കൂടിയാലോചിക്കാത്തവനും തന്നെ ഉപദേശിക്കുന്നവനോട് സൗമനസ്യമില്ലാത്തവനുമായി മാറുന്നു.

വളരെ നികൃഷ്ടമാണാ സ്വഭാവം. അതിന്റെ ദോഷം വളരെ വലുതും.

സ്വാഭിപ്രായത്തിൽ പുളകംകൊള്ളുന്ന അഹങ്കാരി ഉറപ്പായും വഴിതെറ്റുകയും താൻ സന്മാർഗ്ഗത്തിൽ തന്നെയാ

ണെന്ന് ധരിച്ചു നടക്കുകയും ചെയ്യും. കാരണം ആത്മവഞ്ചനയുടെ മനോരാജ്യം ഒരു മനുഷ്യനെ തന്റെ കുറ്റങ്ങൾ കാണാനോ അവ തിരുത്താനോ, കുറവുകൾ കാണാനോ അവ പരിഹരിക്കാനോ  വിട്ടുകൊടുക്കില്ല. ധാരാളം കൂടിയാലോചിക്കലും അഭ്യുദയകാംക്ഷികളുടെ അഭിപ്രായം സ്വീകരിക്കലും ബുദ്ധിയുടെയും വിനയത്തിന്റെയും മുഖമുദ്രയാണ്. സ്വേഛാനുസാരം തീരുമാനിക്കലും അഭ്യുദയകാംക്ഷികളുടെ ഉപദേശം തിരസ്കരിക്കലും വിവരക്കേടിന്റെയും ആത്മവഞ്ചനയുടെയും മുഖമുദ്രയാണ്.)
[അൽ രിയാദുന്നാദ്വിറഃ]

**മൊഴിമാറ്റം: അബൂ തൈമിയ്യഃ ഹനീഫ്.**